# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 374

## 27.02.2018 ലെ മറുപടിക്ക്

**<u>ഇടക്കൊച്ചി വില്ലേജിലെ മധുര കമ്പനി പാലത്തിന്റെ നിർമ്മാണം</u>**

<table>
<tr><th colspan="2">ചോദ്യം<br>ശ്രീ.ജോൺ ഫെർണാണ്ടസ്</th><th>ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്നും എറണാകുളം ജില്ലയിലെ ഇടക്കൊച്ചി വില്ലേജിലെ മധുര കമ്പനി പാലത്തിന്റെ നിർമ്മാണത്തിനായി 1 കോടി 80 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടും പ്രസ്തുത പ്രൊപ്പോസലിന് അനുമതി ലഭ്യമാകുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കുമോ;</td><td rowspan="2">ആസ്തി വികസന പദ്ധതിയുടെ നിലവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 1 കോടി രൂപയോ അതിൽ കൂടുതലോ ആണെങ്കിൽ ആയതിന് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള ധനാനുമതി ലഭിക്കുന്നതിനായി ജില്ലാ കളക്ടർമാർ പ്രസ്തുത ശുപാർശ ധനകാര്യ വകുപ്പിലേക്ക് അയയ്ക്കേണ്ടതും അനുമതി തേടിയിരിക്കേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയത് പ്രകാരം ശ്രീ.ജോൺ ഫെർണാണ്ടസ്, എം.എൽ.എ (നോമിനേറ്റഡ്) യുടെ 2017-18 സാമ്പത്തിക വർഷത്തെ ആസ്തി വികസന പദ്ധതിയിൻ കീഴിൽ ശുപാർശ ചെയ്ത 1.80 കോടി രൂപ അടങ്കൽ തുകയുള്ള 'Construction of corrugated steel arch bridge across Pashnithode near Madhura company at Edakochi' എന്ന പ്രവൃത്തി ധനകാര്യ വകുപ്പിന്റെ അനുമതിയ്ക്കായി എറണാകുളം ജില്ലാ കളക്ടർ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് ധനകാര്യ പരിശോധന (സാങ്കേതികം) വിഭാഗം പരിശോധിച്ചു വരുകയാണ്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് പ്രസ്തുത പ്രൊപ്പോസലിന് ഭരണാനുമതി നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.</td></tr>
<tr><td>(ബി)</td><td>പ്രസ്തുത പ്രൊപ്പോസലിന് എന്നത്തേക്ക് അനുമതി ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?</td></tr>
</table>

സെക്ഷൻ ഓഫീസർ